പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.1666

10.03.2020-ൽ മറുപടിക്ക്

## ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-III തസ്തികയുടെ ഉത്തര സൂചിക

ചോദ്യം
ശ്രീ.വി.ആർ. സുനിൽ കുമാർ

ഉത്തരം
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പി.എസ്.സി 20/11/2019-ന് നടത്തിയ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-III തസ്തികയിലേക്ക് (കാറ്റഗറി നമ്പർ -085/2018) നടത്തിയ പരീക്ഷയുടെ ഫൈനൽ ആൻസർ കീ പ്രസിദ്ധീകരിച്ചതിന് ശേഷം ഫൈനൽ ആൻസർ കീ (റിവൈസ്ഡ്) പ്രസിദ്ധീകരിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് III തസ്തികയിലേക്ക് പ്രസിദ്ധീകരിച്ച അന്തിമ ഉത്തരസൂചികയെ സംബന്ധിച്ച് ഒരു കൂട്ടം ഉദ്യോഗാർത്ഥികൾ പരാതി സമർപ്പിച്ചതിനെ തുടർന്ന് കമ്മീഷൻ ആയത് പരിശോധിക്കുകയും തുടർന്ന് ടി വിഷയത്തിൽ ബന്ധപ്പെട്ട വിഷയ വിദഗ്ദ്ധർ ലഭ്യമാക്കിയ opinion/ Remarks -ന്റെ അടിസ്ഥാനത്തിലാണ് ടി തസ്തികയുടെ പുതുക്കിയ അന്തിമ ഉത്തര സൂചിക കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചത്. |
| (ബി) | പ്രസ്തുത പരീക്ഷയുടെ ഫൈനൽ ആൻസർ കീ, ഫൈനൽ ആൻസർ കീ (റിവൈസ്ഡ്) എന്നിവ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ച പി.എസ്.സി യുടെ ഓഫീസ് ഏതാണെന്നും ആയതിന്റെ ഫയൽ നമ്പറുകളും ലഭ്യമാക്കാമോ; പ്രസ്തുത ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നിന്നാണ് അന്തിമ ഉത്തരസൂചിക തയ്യാറാക്കുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊള്ളുന്നത്. രഹസ്യ സ്വഭാവമുള്ള വിഷയമായതിനാൽ മറ്റ് വിവരം ലഭ്യമാക്കുവാൻ നിർവ്വാഹമില്ല എന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ